The Heavenly Light Ministry

എന്റെ ദൈവത്താൽ എന്റെ ദൈവത്താൽ
നിശ്ചയം അനുഗ്രഹം പ്രാപിച്ചീടും ഞാൻ
തന്റെ വചനം പോലെ ഞാൻ ചെയ്യും
തന്റെ വഴിയിൽ തന്നെ നടക്കും (2)

1. ദേശത്തു ഞാൻ അനുഗ്രഹിക്കപ്പെടും
ജോലിയിൽ ഞാൻ അനുഗ്രഹിക്കപ്പെടും (2)
എന്റെ വീട്ടിൽ ആഹാരം കുറയുകില്ല
ആവശ്യങ്ങളൊന്നുമേ മുടങ്ങുകില്ല (2) എന്റെ

2. എന്നെ എതിർക്കുന്ന ശത്രുക്കളെല്ലാം
ഛിന്നഭിന്നമായ് പോകും എന്റെ ദൈവത്താൽ (2)
എന്റെ ആരോഗ്യം ദൈവദാനമല്ലോ
എൻ ശരീരവും അനുഗ്രഹിക്കപ്പെടും (2) എന്റെ

3. ജീവിതപങ്കാളിയും എന്റെ മക്കളും
എന്റെ സമ്പത്തും അനുഗ്രഹിക്കപ്പെടും (2)
എന്റെ നന്മയ്ക്കായ് അവൻ സമൃദ്ധി നല്കും
എന്നെ വിശുദ്ധ ജനമാക്കിടും താൻ (2) എന്റെ

4. വായ്പ വാങ്ങാൻ ഇടവരികയില്ല
കൊടുക്കുവാനോ ദൈവം സമൃദ്ധി നൽകും
ഉയർച്ചതന്നേ എന്നും പ്രാപിക്കും ഞാൻ